**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 123** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. കാരായി രാജൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുമെന്ന് യു.ഡി.എഫ്. പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിരുന്നോ; വാഗ്ദാനം നടപ്പാക്കിയെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുമെന്ന് യു.ഡി.എഫ്. പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിരുന്നു. ഇന്ദിരാഗ്യാരന്റിയുടെ ഭാഗമായി പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി പ്രകാരം പ്രായഭേദമന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡേഴ്സിനും കെ.എസ്.ആർ.ടി.സിയുടെ എല്ലാ ഓർഡിനറി ബസുകളിലും സൗജന്യയാത്ര അനുവദിച്ച് കൊണ്ട് സ.ഉ.(കൈ) നം. 16/2026/TRANS തീയതി 11.06.2026 പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 15.06.2026 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

**(ബി)** നിലവിൽ സർവീസ് നടത്തുന്ന എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സൗജന്യയാത്ര അനുവദിക്കാതെ, ചില ബസ്സുകളിൽ മാത്രം സിറ്റി ഫാസ്റ്റ് എന്ന സ്റ്റിക്കർ പതിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ ഉത്തരവ് പ്രകാരം ഓർഡിനറി ബസുകളിൽ മാത്രമാണ് ടി സൗജന്യയാത്രാ സൗകര്യം നടപ്പിലാക്കിയിട്ടുള്ളത്. യാത്രക്കാർക്ക് പെട്ടെന്ന് തിരിച്ചറിയുന്നതിനുള്ള സൗകര്യത്തിനായാണ് സിറ്റി ഫാസ്റ്റ് ബസുകളിൽ സ്റ്റിക്കർ പതിപ്പിച്ചത്.

**(സി)** സൗജന്യയാത്ര അനുവദിച്ചതിനെ തുടർന്ന് സ്വകാര്യ ബസ്സുകൾ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ബസുടമകളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സൗജന്യയാത്ര അനുവദിച്ചതിനെ തുടർന്ന് സ്വകാര്യ ബസ്സുകൾ നേരിടുന്ന പ്രശ്നം പഠിക്കുന്നതിനായി നിയോഗിച്ച കെ.പത്മകുമാർ ഐ.പി.എസ് (റിട്ട.)-ന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി

സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.

**(ഡി)** കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ബസ്സുകളിലും സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ഇല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ ബസ്സുകളിലും സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**